# ഒരു ട്രയിനിൻെറ ആത്മഹത്യക്കുറിപ്പിൽ നിന്ന്

പത്തുവർഷങ്ങൾക്കുശേഷം വീണ്ടുമൊരു ട്രയിൻ യാത്ര. ഒരുകാലത്ത് ട്രയിനിൽ എത്രയോ യാത്ര ചെയ്തതാണ്. ആ യാത്രകളിലൂടെ, ലോകത്ത് സ്വന്തമായ വ്യക്തിത്വമുള്ള ഒരേഒരു വാഹനം ട്രയിനാണെന്ന ഒരഭിപ്രായവും അയാളിൽ ഉരുത്തിരിഞ്ഞിരുന്നു. എന്തെന്ത് അനുഭവങ്ങൾക്ക് സാക്ഷിയാണ് ഈ വാഹനം!

അപ്പോഴേക്കും തൻെറ മുൻയാത്രകളുടെ ഓർമ്മകൾ അയാളിലേക്കു കടന്നുവന്നു. എത്രയെത്ര അനുഭവങ്ങൾ! അവയെ ഒന്നൊന്നായെടുത്താസ്വദിച്ച് സമയം പോക്കാൻ ശ്രമിക്കുമ്പോഴേക്കും അവയ്ക്കിടയിലൂടെ തോമസ് ഓടിക്കടന്നുവന്നു. ഞാൻ മുൻപെ എന്നഭാവം.

ഏതാനും മിനിട്ടുനേരത്തെ പരിചയമേ അയാളുമായുള്ളു. അതും നാൽപ്പത്തഞ്ചുവർഷം മുൻപ്. എഗ്മോർ തിരുവനന്തപുരം ട്രയിനിലെ അരണ്ട വെളിച്ചത്തിലോ പിന്നീട് ട്രയിനിൽ പിടിച്ചുകൊണ്ട് ഓടിയപ്പോഴോ അയാളുടെ മുഖം ശരിക്കു കണ്ടതുകൂടിയില്ല. ആകെക്കൂടിയുള്ളത് പതിന്നാലുരൂപയുടെ ബന്ധം.

എഗ്മോറിൽനിന്നും കൊല്ലത്തേക്കുള്ള യാത്രയായിരുന്നു. ട്രയിനിൻെറ ലഗ്ഗേജ് കാരിയറിൽ കിടക്ക വിരിച്ചുകിടക്കുമ്പോഴും ഉറക്കം അയാളിൽ നിന്ന് അകന്നുനിന്നു. അങ്ങനെ ഉണർന്നുകിടക്കുമ്പോഴാണ് ആ സംഭവം.

ഒരു നിലവിളിയിലൂടെയാണ് തോമസ്സിനെ ആദ്യം അറിഞ്ഞത്'. മിലിട്ടറിയൂണിഫോം ധരിച്ചിരുന്ന തൻെറ കിടക്കയുടെ അടിയിൽ, കൊച്ചുകൊച്ചു സഞ്ചികളിൽ ഒന്നും രണ്ടും ഇടങ്ങഴിമാത്രം അരി ഒളിപ്പിച്ചുവച്ചു സംസ്ഥാനാതിർത്തി കടത്തുന്ന അമ്മമാരുടെ കഷ്ടപ്പാടുകളെപ്പറ്റി അയാൾ ചിന്തിച്ചുകൊണ്ടിരുന്നപ്പോഴായിരുന്നു ആ രോദനം. അവരിലാരെങ്കിലും പോലിസിൻെറ പിടിയിലായിരിയ്ക്കാം എന്നാണ് ആദ്യം തോന്നിയത്. അതേ കമ്പാർട്ട്മെൻറിലെ മറ്റേതോ ക്യാബിനിൽ നിന്നായിരുന്നു ആ ശബ്ദം.

“എന്നേക്കൊണ്ടുപോകല്ലേ സാറെ.” തുടർന്ന് ദയനീയമായ നിലവിളി.

പക്ഷെ ശ്രദ്ധിച്ചപ്പോൾ മനസ്സിലായി. ഇതൊരു കുട്ടിയുടെ ശബ്ദമാണ്.

ഒന്നു നോക്കിക്കളയാം. അയാൾ എഴുന്നേറ്റു. ട്രയിൻ കേരളത്തിലെത്തിക്കഴിഞ്ഞിരുന്നു. കമ്പാർട്ട്മെൻറിൽ നാലഞ്ചുപേർമാത്രം. അവരൊക്കെ ഉറക്കത്തിലും. ധരിച്ചിരുന്ന യൂണിഫോമിൻെറ ധൈര്യത്തിൽ അയാൾ മുന്നോട്ടുനടന്നു. അപ്പോൾ വീണ്ടും നിലവിളി. അതോടൊപ്പം മറ്റൊരു ശബ്ദവും.

“കൂട്ടുകാരൻ എവിടെടാ?”

“എനിക്കറിയത്തില്ല.”

ചോദ്യം തമിഴിലായിരുന്നു. ഉത്തരം മലയാളത്തിലും.

മിലിട്ടറിയൂണിഫോം ധരിച്ച ഒരാളേ അരികിൽ കണ്ടപ്പോൾ കുട്ടിയുടെ ഭയം വർദ്ധിച്ചു.

“എന്താ? എന്തുപറ്റി?

മറുപടിപറഞ്ഞത് ടിക്കറ്റ് എക്സാമിനറായ തമിഴനാണ്.

”ഇവൻ ടിക്കറ്റില്ലാതുള്ള യാത്രയാണ്. എന്നെക്കണ്ട് ഒളിക്കാൻ ശ്രമിച്ചപ്പോൾ പിടികൂടിയതാണ്. ഇവൻെറ കൂട്ടുകാരൻ മുങ്ങിക്കളഞ്ഞു.“ അയാൾ വീണ്ടും അവൻെറ നേരേ തിരിഞ്ഞു. ”എവിടെടാ കൂട്ടുകാരൻ?“

”എൻെറ കൂട്ടുകാരനൊന്നുമല്ല സാറേ അത്.“ അവൻ അയാളോടായി പറഞ്ഞു.“ഈ വണ്ടീവച്ചുകണ്ടതാ. ആരാന്നും എങ്ങോട്ടുപോയെന്നും എനിക്കറിഞ്ഞൂടാ.”

“ശരി. പക്ഷെ നീയെന്താ ടിക്കറ്റെടുക്കാഞ്ഞേ?”

കാശില്ലാഞ്ഞിട്ടാ സാറേ. ജോലികിട്ടുവെന്നു കേട്ടു പോയതാ. രണ്ടാഴ്ച്ചയായി. കയ്യിലൊണ്ടാരുന്ന കാശുതീർന്നു. പട്ടിണീമായി. ജോലിയൊന്നും കിട്ടിയില്ല. അതുകൊണ്ടിങ്ങു പോന്നതാ.“ ഇനിയെല്ലാം

നിങ്ങൾ തീരുമാനിച്ചോ എന്ന ഭാവത്തിൽ അവൻ അയാളേയും ടിക്കറ്റ് എക്സാമിനറേയും മാറിമാറി നോക്കി.

പത്തുപതിനാറു വയസ്സുമാത്രം പ്രായം തോന്നിക്കുന്ന കുട്ടി. വെളുത്ത, ക്ഷീണിച്ച ശരീരം.

അയാൾ തമിഴന്റെ മുഖത്തേക്കുനോക്കി.

"മദ്രാസീന്നു കേറിയതാ ഇവൻ." തമിഴും മലയാളവും കലർന്ന ഭാഷയിൽ ടിക്കറ്റ് എക്സാമിനർ പറഞ്ഞു. "അവിടുന്നൊള്ള ടിക്കറ്റുചാർജും പെനാൽറ്റീം അടക്കണം. ഇല്ലെങ്കിൽ പിന്നെ ഇവനെ കൊണ്ടുപോയല്ലേ പറ്റു?"

അവനെ ശിക്ഷിക്കണമെന്ന വാശിയൊന്നും ടിക്കറ്റ് എക്സാമിനർക്ക് ഇല്ലെന്നു തോന്നി.

അയാൾ ആലോചിച്ചു. കയ്യിൽ രണ്ടുമാസത്തെ ശമ്പളത്തിൽനിന്ന് ചെലവായതുകഴിച്ച് ഇരുന്നൂറ്റമ്പതു രൂപയോളം കാണണം.

അയാൾ വീണ്ടും പയ്യനെ നോക്കി. അവന്റെ മുഖത്ത് ഏതൊ ശുഭപ്രതീക്ഷയുടെ ഭാവം.

ഇതൊന്നുതീർന്നെങ്കിൽ പോയിക്കിടന്നുറങ്ങാമായിരുന്നു എന്ന ഭാവത്തിൽ ടിക്കറ്റ് എക്സാമിനറും അയാളേത്തന്നെ നോക്കുന്നു.

"ടിക്കറ്റിന്റെ കാശെല്ലാംകൂടെ എത്രയാകും?" അയാൾ ചോദിച്ചു.

തമിഴൻ എന്തോ ചിന്തിച്ചുനിന്നു. എന്നിട്ട് രണ്ടുപേരേയും മാറിമാറി നോക്കി.

"ഒരു കാര്യം ചെയ്യാം. മദ്രാസീന്നൊള്ള ചാർജുതന്നെ നല്ലൊരു തുകയാകും. പിന്നെ പെനാൽറ്റി വേറെ. അതുകൊണ്ട് മദുരേന്നൊള്ള ചാർജ് കിട്ടിയാൽ ഇവനെ വിട്ടേക്കാം. പക്ഷെ പുനലൂരെറങ്ങിക്കോണം."

"അതെത്രയാ?" പോക്കറ്റിൽ കൈകടത്തിക്കൊണ്ട് അയാൾ ചോദിച്ചു.

"പതിന്നാലു രൂപയാകും."

അയാൾ പണം കൊടുത്തു രസീത് വാങ്ങി.

എഴുന്നേറ്റ് അടുത്ത ക്യാബിനിലേക്ക് നടക്കുന്നതിനുമുൻപ് പയ്യന്റെ തോളിൽ തട്ടിക്കൊണ്ട് തമിഴൻ പറഞ്ഞു:"ഓർമ്മയൊണ്ടല്ലോ? പുനലൂരെറങ്ങിക്കോണം."

അയാൾ സീറ്റിലിരുന്നു. പയ്യനെ എതിരെയുള്ള സീറ്റിൽ പിടിച്ചിരുത്തി.

"നിന്റെ പേരെന്താ?"

"തോമസ്സ്."

"വീട്?"

"പുനലൂരിനടുത്താ."

വെളിയിൽ ഓടിമറയുന്ന ഇരുട്ടിനെ നോക്കിക്കൊണ്ട് അൽപനേരമിരുന്നിട്ട് അവൻ പറഞ്ഞു:

"സാറു കാശുകൊടുത്തകൊണ്ട് ജയിലിപ്പോകാതെ രക്ഷപെട്ടു."

"അവർക്കും ഡ്യൂട്ടി ചെയ്യണ്ടായോ?"

"അതും ശരിയാ." അൽപം കഴിഞ്ഞ് അവൻ ചോദിച്ചു: " സാറിന്റെ പേരെന്താ?"

"സുധാകരൻ."

"വീടെവിടാ?"

"കൊല്ലത്ത്."

"എവിടുന്നു വരുകാ?"

"ഗോഹാട്ടീന്ന്. ആസ്സാം."

അവൻ അയാളുടെ യൂണിഫോമിലേക്കു നോക്കിക്കൊണ്ട് സ്വയമെന്നപോലെ പറഞ്ഞു:

"പ്രായമാകാത്തകൊണ്ട് പട്ടാളത്തീച്ചേരാനും പറ്റത്തില്ല."

ട്രയിനിന്റെ വേഗത കുറഞ്ഞു. സ്റ്റേഷൻ അടുക്കുകയാണ്.

"സാറിന്റെ മേൽവിലാസം തരണം."

"അതെന്തിനാ? അതൊന്നും വേണ്ട."

“വേണം സാറേ.” അവൻ നിർബന്ധിക്കുകയാണ്. അതൊന്നൊഴിവാക്കാൻ അയാൾ പറഞ്ഞു. “എഴുതാൻ കടലാസ്സും പേനയുമൊന്നുമില്ല.”

“പറഞ്ഞാമതി.”

ട്രയിൻ പുനലൂർ സ്റ്റേഷനിലേക്കു കടന്നു.

“നീ വേഗമെറങ്ങ്.” അയാൾ രസീത് അവനെ ഏൽപ്പിച്ചു.

അവൻ ഇറങ്ങാതെ നിന്നു. “മേൽവിലാസം?”

“നീയെറങ്ങ്. ട്രയിനിപ്പം വിടും.”

ട്രയിൻ പതുക്കെ ചലിക്കാൻ തുടങ്ങി. അവൻ താഴെയിറങ്ങി ജനലിൽ പിടിച്ചുകൊണ്ട് കൂടെനടന്നു. ട്രയിൻ സ്പീഡെടുക്കാൻ തുടങ്ങിയിട്ടും അവൻ കൂടെ നടക്കുകയാണെന്നു കണ്ടപ്പോൾ അയാൾ മേൽവിലാസം പറഞ്ഞുകൊടുത്തു.

അവൻ ട്രയിനിലെ പിടി വിട്ടു. അവന് ഒന്നും മനസ്സിലായിക്കാണില്ലെന്ന് അയാൾ കരുതി.

വീട്ടിലെത്തി നാലാംദിവസം അയാൾക്കൊരു കത്തുകിട്ടി. അയാളുടെ പേരും പോസ്റ്റോഫീസിൻെറ പേരും ശരിയാണ്. പോസ്റ്റോഫീസിൻെറ പേരിനടിയിൽ പത്തിരുന്നൂറു മൈൽ അകലെയുള്ള ഒരു സ്ഥലപ്പേര്. ‘ഇരിങ്ങാലക്കുട’

വീട്ടുപേരില്ല.

‘എങ്കിലും ഒരതിശയമായി ആ കത്ത് അയാളുടെ കയ്യിലെത്തി!

എല്ലാത്തിനും വീണ്ടും വീണ്ടും നന്ദി പറഞ്ഞുകൊണ്ടുള്ള തോമസ്സിൻെറ കത്ത്.

വളരെനാളിനുശേഷം ബോംബയിൽ വച്ച് ആകസ്മികമായി ആ കത്ത് അയാളുടെ മുൻപിൽ വന്നുപെട്ടു. വീണ്ടുമൊന്നു വായിച്ചപ്പോൾ തോമസ്സിൻെറ വിവരങ്ങളറിയാൻ ഒരാഗ്രഹം. ഒരു കത്തയച്ചു. അതിനു മറുപടിയും കിട്ടി.

തോമസ്സിനു ജോലിയൊന്നും ആയിട്ടില്ല.

തൊട്ടുമുൻപിലിരുന്ന ആൾ എഴുന്നേറ്റപ്പോൾ തൽക്കാലം തോമസ്സിനെവിട്ട് സുധാകരൻെറ ശ്രദ്ധ അങ്ങോട്ടുതിരിഞ്ഞു. അയാൾ കുറെമുൻപ് പരിചയപ്പെടാൻ ശ്രമിച്ചതും തൻെറ ശ്രദ്ധ മറ്റെങ്ങോ ആണെന്നുകണ്ട് പിൻവലിഞ്ഞതും സുധാകരൻ ഓർത്തു.

എഴുന്നേറ്റ ആൾ പോക്കറ്റിൽ നിന്നും ഒരു കാർഡ് എടുത്ത് എന്തോഎഴുതി അടുത്തിരുന്ന ആളിനുകൊടുത്തു. അയാൾ അതുവാങ്ങിനോക്കിയിട്ട് അടുത്തുവച്ചു. കാർഡ് കൊടുത്തയാൾ വിണ്ടും ഇരുന്നപ്പോൾ സുധാകരൻെറ ശ്രദ്ധ മറ്റുപലരിലേക്കും തിരിഞ്ഞു.

അതിനിടയിൽ അയാളോർത്തു. തോമസ്സിൻെറ രണ്ടുകത്തുകളും നഷ്ടപ്പെട്ടു.

ഏതോ സ്റ്റേഷൻ അടുക്കാറായി. അയാൾ വെളിയിലേക്കുനോക്കി,

കരുനാഗപ്പള്ളി.

ട്രയിൻ നിന്നു. ആ കമ്പാർട്ടുമെൻറിലുണ്ടായിരുന്നവർ അവിടെയിറങ്ങിയപ്പോൾ സുധാകരൻ ഒറ്റയ്ക്കായി. ട്രയിൻ മുന്നോട്ടുനീങ്ങി.

ഏകാന്തത ഒരു സന്തോഷമായി അയാളിലേക്ക് അലിഞ്ഞിറങ്ങി. നിശ്ശബ്ദമായ മനസ്സിലേക്ക് ഒരു താരാട്ടായി ട്രയിനിൻെറ താളം കടന്നുചെന്നു.

ദൂരെ ഒരു കർഷകൻ മരച്ചീനിക്കമ്പുകൾ വെട്ടിഒരുക്കി നടുന്നത് അയാൾ കണ്ടു. എത്രയോ തവണ കണ്ടിട്ടുള്ള കാഴ്ച. പക്ഷെ ഇപ്പോൾ അതിലും ഒരു പുതുമ! ഈ തുണ്ടുകളിലും ചൈതന്യത്തിൻെറ പൂർണ്ണത നിറഞ്ഞിരിക്കുന്നു! പത്തുനാൾക്കുള്ളിൽ പഞ്ചഭൂതങ്ങളുടെ തലോടലേറ്റുണരാൻ കൊതിച്ചിരിക്കുന്ന ജീവപ്രവാഹം!

ട്രയിൻ അടുത്ത സ്റ്റേഷനിലെത്താറായി. പെട്ടെന്നു മുൻപിലെ സീറ്റിൽ അയാളുടെ ശ്രദ്ധപതിഞ്ഞു.

ആ കാർഡ് അവിടെ കിടക്കുന്നു.

സുധാകരൻ ആ കാർഡ് എടുത്തുനോക്കി. ഏതോ സ്വർണ്ണക്കടയുടെ പരസ്യം. മറിച്ചുനോക്കിയപ്പോൾ അവിടെ എന്തോ എഴുതിയിരിക്കുന്നു.

ഒരു ടി. ടി. തോമസ്സിൻെറ മേൽവിലാസം.

ഏതോ പ്രേരണയാൽ അയാൾ അത് വീണ്ടുംവീണ്ടും വായിച്ചുനോക്കി. അപ്പോൾ വർഷങ്ങൾക്ക് അപ്പുറത്തുനിന്ന് ഒരു ഉൽക്കപോലെ ഒരു മേൽവിലാസം അയാളുടെ ഓർമ്മയിലെത്തി. അയാൾ അതിനെ കാർഡിലെ മേൽവിലാസവുമായി തട്ടിച്ചുനോക്കി.

രണ്ടും ഒന്നുതന്നെ! തോമസ്സിൻെറ മേൽവിലാസം!

അപ്പോൾ എൻെറ മുൻപിൽ ഇരുന്നതും പരിചയപ്പെടാൻ ശ്രമിച്ചതും തോമസ്സുതന്നെയായിരുന്നോ?

തോമസ്സുമായി വീണ്ടും ബന്ധപ്പെടാൻ കിട്ടിയ അവസരവും നഷ്ടമായി.

ഏതായാലും മേൽവിലാസമുണ്ടല്ലോ? അയാൾ ആ കാർഡ് പോക്കറ്റിലിട്ടു.

ട്രയിൻ അതിവേഗതയിൽ കുതിച്ചുപാഞ്ഞു. വെയിൽ കണ്ണിലടിച്ചപ്പോൾ സുധാകരൻ അൽപം മാറിയിരുന്നു.

ട്രയിനിൻെറ വേഗത പെട്ടെന്നുനിലച്ചു. വണ്ടി ഭീകരമായി ഉലഞ്ഞു. മുന്നിലെങ്ങോനിന്ന് അതിഭയങ്കരമായ ശബ്ദവും കൂട്ടനിലവിളിയും കേട്ടു. സുധാകരൻ സൈഡിലേക്കുനോക്കി. വണ്ടി കായലിനുമുകളിലെ പാളത്തിലാണ്. മുൻവശത്തെ കമ്പാർട്ടുമെൻറുകൾ വെള്ളത്തിലേക്കു വീണുകിടക്കുന്നു. എഞ്ചിൻ മിക്കവാറും മുങ്ങിക്കഴിഞ്ഞു.

തൻെറ മനസ്സിലേ തോന്നലുകളാണതെല്ലാം എന്ന് അയാൾ സംശയിച്ചു. പക്ഷെ കമ്പാർട്ടുമെൻറിൻെറ നിരന്തരമായ ഉലച്ചിൽ സത്യം അംഗീകരിക്കാൻ അയാളെ പ്രാപ്തനാക്കി. ഇഞ്ചിഞ്ചായി തൻെറ ബോഗി താഴേക്കു വീണുകൊണ്ടിരിക്കയാണെന്ന് അയാളറിഞ്ഞു. കാറ്റ് അടിച്ചപ്പോഴൊക്കെ അത് കൂടുതൽ ശക്തിയായി വെള്ളത്തിനുനേരെ ചലിച്ചു. കമ്പാർട്ടുമെൻറിൻെറ മുൻഭാഗം പാളത്തിൽനിന്നുവിട്ടു കായലിനുനേരെ കുത്തനെ താഴ്ന്നുകൊണ്ടിരുന്നു. അയാൾ എഴുന്നേറ്റ് കമ്പാർട്ടുമെൻറിൻെറ പിന്നിലേക്കു പോകാൻ ശ്രമിച്ചതും അത് വീണ്ടുമുലഞ്ഞു. ഇഴഞ്ഞിഴഞ്ഞ് പിന്നിലെത്തിയ അയാൾ ഒരു കമ്പിയിൽ പിടിച്ച് പല്ലിയേപ്പോലെ അവിടെ പറ്റിക്കിടന്നു. തൻെറ ഒരു ചെറിയ ചലനം പോലും പ്രതികൂലമായി ബാധിക്കും എന്നയാൾ കരുതി. അൽപം മുൻപ് മനസ്സിൽ നിറഞ്ഞുനിന്ന ചിന്തകളുടെ ലാഞ്ഛന പോലും അപ്പോഴവിടെ ഉണ്ടായിരുന്നില്ല. മരണത്തെ മുൻപിൽ കണ്ടുകൊണ്ട് ഒന്നും ചെയ്യാനാകാതെ അയാൾ കിടന്നു.

പെട്ടെന്ന് കമ്പാർട്ടുമെൻറിൻെറ മുൻവശം വേഗതയോടെ താഴ്ന്നു. താഴേക്കുള്ള വലിവ് വർദ്ധിച്ചപ്പോൾ പാലത്തിൻെറ വശത്തു തടഞ്ഞുനിന്ന പിന്നിലുള്ള ബോഗിയുടെ ചക്രങ്ങൾ സ്വതന്ത്രമായി. ഒരു ഹൂംകാരത്തോടെ സുധാകരനേയും കൊണ്ട് ബോഗി താഴേക്കു പതിച്ചപ്പോൾ കമ്പിയിലെ പിടിത്തം അയഞ്ഞ അയാൾ താഴേക്ക് ഊർന്ന് മുൻവശത്തെ വാതിലിൽ തടഞ്ഞുകിടന്നു.

കമ്പാർട്ടുമെൻറ് കായലിലേക്ക് താണുകൊണ്ടിരുന്നു. പടിഞ്ഞാറ് ആകാശത്ത് ഇരുൾ മൂടുന്നതുപോലെ അയാൾക്ക് തോന്നി. ചൂടുകാറ്റ് അയാളെ പൊള്ളിച്ചു. ആ കാറ്റിൽ കമ്പാർട്ടുമെൻറ് ഉലഞ്ഞു. താഴെ കായൽ അസ്വസ്ഥമായി കിടന്നലറി.

പക്ഷെ അയാളുടെ മനസ്സിൽ ഭീതിയുടെ സ്ഥാനത്ത് ഇപ്പോൾ ഓർമ്മകളായിരുന്നു. നേട്ടങ്ങളും കോട്ടങ്ങളും വെറും ഓർമ്മകളായി ആ നിമിഷങ്ങളിൽ അയാളിലൂടെ കടന്നുപോയി.

അവയുടെയൊപ്പം തോമസ്സിനേയും അയാൾ കണ്ടു. ആ മുഖം ഇപ്പോൾ വളരെ വ്യക്തമായിരുന്നു. ഏതോ ജഡത്തിനരികിൽ ഒരു കാർഡുമായി ചിന്തിച്ചുനിൽക്കുന്ന തോമസ്സ്. ജഡത്തിൻെറ ഒരു പോക്കറ്റ് തുറന്നുകിടക്കുന്നത് അയാൾ കണ്ടു.

മരണത്തിൻെറ മണം മറഞ്ഞുനിന്ന ആ ഏകാന്തതയിൽ അയാൾക്കൊന്നു പൊട്ടിച്ചിരിക്കണമെന്നു തോന്നി. അപാരതയിലേക്കുള്ള വഴികാട്ടിയെന്നോണം ആ ചിരി അയാളുടെ മുൻപേ കായലിലലിഞ്ഞു.

††††††††††††

ക്രുഷ്ണ